പുലിപ്പേടിയിൽ ഒരു ദിനം

◗സജീവ്ഗോപാലൻ

വർക്കല: ശിവഗിരി ശ്രീനാരായണ കോളേജിനു സമീപം താമസിക്കുന്ന പ്രവീൺ നിവാസിൽ ഷിജയ്ക്ക് ഇപ്പോഴും ഭീതി വിട്ടുമാറിയിട്ടില്ല. ഇന്നലെ രാവിലെ വീടിന്റെ ടെറസിൽ വച്ചാണ് ഇവർ പുലിയുടെ സാദൃശ്യമുള്ള ജീവിയെ കണ്ടത്. ഷിജയുടെ വിവരണത്തിൽ നിന്നും രണ്ടടി നീളവും 20 സെന്റിമീറ്റർ പൊക്കവുമുള്ള ഫിഷിംഗ് ക്യാറ്റിനെയാണ് ഇവർ കണ്ടതെന്നാണ് അധികൃതരുടെ വിശദീകരണം.

അതേസമയം ശിവഗിരി കോളേജിനു സമീപം വീട്ടമ്മ പുലിയെ കണ്ടെന്ന രീതിയിൽ പ്രചരിച്ചവാർത്തകാട്ടുതീപോലെയാണ് പടർന്നത്. വിവരമറിഞ്ഞ് വിദ്യാർത്ഥികളും നാട്ടുകാരുമെല്ലാം സംഭവസ്ഥലത്തേക്കോടി. പ്രദേശത്ത് തെരച്ചിൽ നടത്തുന്നതിനൊപ്പം ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനും പൊലീസിന് പാടുപെടേണ്ടിവന്നു.

പാലോട് റേഞ്ച് ഓഫീസർ

വി. ജോയി എം.എൽ.എ പാലോട് റേഞ്ച് ഓഫീസർ ടി. രതീഷ് സ്ഥിതിഗതികൾ വിവരിക്കുന്നു

ഷിജയുടെ വീടിനു മുകളിൽ ഫോറസ്റ്റ് റേഞ്ച് ഓഫീസർ ടി. രതീഷിന്റെ നേതൃത്വത്തിൽ പരിശോധന നടത്തുന്നു

ക്ക് പുറമേ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ബിനുരാജ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ അനിൽ ചന്ദ്രൻ, പ്രസന്നകുമാർ എന്നിവരും സ്ഥലത്തെത്തിയിരുന്നു. പത്ത് ദിവസം മുമ്പ് സമീപത്തെ വീടുകളിൽ നിന്ന് മൂന്ന് ആടുകളെ കടിച്ചു കൊന്ന നിലയിൽ കണ്ടെത്തിയിരുന്നു. രണ്ടെണ്ണത്തിനെ ഭാഗികമായും ഒന്നിനെ പൂർണമായും കടിച്ചു തിന്ന നിലയിലാണ് കണ്ടത്. ഷിജ ടെറസിൽ കണ്ടത് പുലിയാണെന്ന സംശയം ശക്തിപ്പെടാൻ ഇതും ഒരു കാരണമായി. പുലിയെ കണ്ടെന്ന വിവരം ലഭിച്ച ഫോറസ്റ്റ് അധികൃതർ കെണിവച്ച് പിടിക്കാനുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കിയ ശേഷമാണ് പാലോട് നിന്നു വർക്കലയിൽ എത്തിയത്. എന്നാൽ സ്ഥലത്തെത്തി വിവരങ്ങൾ ശേഖരിച്ച് പുലിയല്ലെന്ന് ഉറപ്പാക്കിയ ശേഷമാണ് കൂടുകൾ വേണ്ടെന്നതീരുമാനത്തിലെത്തി.

ഭൂലോക വാദ്യമേള ഇന്ന്

തിരുവനന്തപുരം: ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നുള്ള നൂറോളം സംഗീത ഉപകരണങ്ങളുടെ രാഗതാളലയം ഇന്ന് വൈകിട്ട് 6.30ന് ലോക കേരള സഭയുടെ ഭാഗമായി കനകക്കുന്നിൽ നടക്കും. സംഗീതോപകരണങ്ങൾ തേടി ലോക സഞ്ചാരത്തിനിറങ്ങിയ തൃശ്ശൂർ സ്വദേശി സുനിൽ കുമാറാണ് സംഗീത ഉപകരണങ്ങൾ വായിക്കുന്നത്.

നൈജീരിയൻ സംഗീത ഉപകരണമായ ഉദു, അറേബ്യയിലെ ദർബുക്ക, പൂർവേഷ്യൻ രാജ്യങ്ങളിലെ ദഫുകൾ, ആഫ്രിക്കയിലെ ജിംബെ, ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെ പുരാതന കപ്പോയിര നൃത്തത്തിന് ഉപയോഗിക്കുന്ന ബെരിംബാവോ, ആസ്ട്രേലിയൻ ഗോത്രവർഗക്കാരുടെ സംഗീത ഉപകരണമായ ഡിജിരുഡു, ക്യൂറ്റൻ ഡ്രമ്മുകൾ, ആഫ്രിക്കയിലെ സംഗീത ഉപകരണമായ കോംഗ, ലാറ്റിനമേരിക്കൻ കഷിഷി, ജപ്പാനിലെ കൊക്കിരിക്കോ, കടൽതിര മാലകളുടെ ശബ്ദമുണ്ടാക്കുന്ന സർഫ്ഡ്രം റെയിൻസ്റ്റിക്ക് (മഴവടി), ബൊളീവിയൻ കാട്ടുപോത്തിന്റെ കൊമ്പു കൊണ്ടുണ്ടാക്കിയ കാഹളം, ഇന്ത്യയിലെ പുരാതന സംഗീത ഉപകരണമായ ശംഖ്, അമേരിക്കയിലെ നവീന സംഗീത ഉപകരണമായ ഹാഷി ഡ്രും എന്നിവയുമുണ്ട്.

രണ്ടാം വിമാനത്താവളത്തിന് പദ്ധതിയില്ല: എയർപോർട്ട് അതോറിട്ടി

തിരുവനന്തപുരം: തിരുവനന്തപുരത്ത് രണ്ടാമതൊരു വിമാനത്താവളത്തിന് പദ്ധതിയോ ശുപാർശയോ ഇല്ലെന്ന് കേന്ദ്ര എയർപോർട്ട് അതോറിട്ടി വ്യക്തമാക്കി. എയർപോർട്ട് അതോറിട്ടിചെയർമാൻ ഗുരുപ്രസാദ്മഹാപത്രതിരുവനന്തപുരത്ത് എത്തിയഷോൾ ചില സംഘടനകൾ ഇത്തരമൊരു ആവശ്യമുന്നയിച്ചിരുന്നു.

സർക്കാർ ഔദ്യോഗികമായി ഇത്തരമൊരു പദ്ധതി മുന്നോട്ടു വച്ചിട്ടില്ല. വിമാനത്താവളം നിർമ്മിക്കുകയും ഓപ്പറേറ്റ് ചെയ്യുകയുമാണ് അതോറിട്ടിചെയ്യുന്നത്-എയർപോർട്ട്അതോറിട്ടിവൃത്തങ്ങൾ അറിയിച്ചു.

628.70 ഏക്കർ സ്ഥലമാണ് തിരുവനന്തപുരം വിമാനത്താവളത്തിനുള്ളത്. 600 കോടിയുടെ വികസന പദ്ധതികൾക്ക് വിമാനത്താവള അതോറിട്ടി തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

ഇതിനായി 18 ഏക്കർ സ്ഥലം സർക്കാർ ഏറ്റെടുത്ത് കൈമാറണം. സ്ഥലമെടുപ്പ് നീളുന്നതാണ് പ്രശ്നം. റൺവേയുടെ മദ്ധ്യത്തിൽ നിന്ന് 150 മീറ്റർ ഇരുവശത്തും ഒഴിച്ചിട്ട് ബേസിക് സ്റ്റിപ്പ് സജ്ജമാക്കാത്തതിനാൽ വിമാനത്താവളത്തിന്റെ ലൈസൻസ് പോലും പ്രതിസന്ധിയിലാണ്.

ഇതിനായി 13 ഏക്കർ ഏറ്റെടുക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ് രണ്ടാം വിമാനത്താവളത്തിന് ആവശ്യമയുന്നത്. പാറശാലയിലോ നാവായിക്കുളത്തോ ഇതിനായി സ്ഥലം കണ്ടെത്തണമെന്നാണ് ആവശ്യം.

ലോക കേരളസഭ ചേരുന്ന നിയമസഭാ മന്ദിരത്തിന് മുന്നിൽ സ്ഥാപിച്ച കമാനം

വസന്തോത്സവം മുഖ്യമന്ത്രി പിണറായി വിജയൻ സന്ദർശിക്കാനെത്തിയപ്പോൾ

വസന്തോത്സവം കണ്ടറിയാൻ മുഖ്യൻ

തിരുവനന്തപുരം : സംസ്ഥാന ടൂറിസം വകുപ്പ് കനകക്കുന്നിൽ സംഘടിപ്പിച്ചിരിക്കുന്ന വസന്തോത്സവം പുഷ്പപ്രദർശന മേള കാണാൻ മുഖ്യമന്ത്രി പിണറായി വിജയൻ എത്തി.

ഇന്നലെ വൈകിട്ട് ഏഴോടെ എത്തിയ മുഖ്യമന്ത്രി അരമണിക്കൂറിലേറെ പുഷ്പഭംഗി നോക്കികണ്ടു. മന്ത്രി കടകംപള്ളി സുരേന്ദ്രൻ,സാംസ്കാരിക വകുപ്പ് സെക്രട്ടറി റാണി ജോർജ് തുടങ്ങിയവർ ഒപ്പമുണ്ടായിരുന്നു.

വസന്തോത്സവത്തിൽ തിരക്ക് കൂടിയതിനെ തുടർന്ന് പ്രദർശനം രണ്ട് ദിവസംകൂടി നീട്ടി. 16 വരെ പ്രദർശനം നീട്ടാനാണ് തീരുമാനം.

കോട്ടയ്ക്കകം കുതിരമാളികയിൽ നടക്കുന്ന സ്വാതി സംഗീതോത്സവത്തിൽ എസ്. അശോകം എം.ബി. ഹരിഹരനും (ബാംഗ്ലൂർ ബ്രദേഴ്സ്) അവതരിപ്പിച്ച കച്ചേരി

മാതാ അമൃതാനന്ദമയി ഇന്ന് എത്തും, അമൃതോത്സവം നാളെയും മറ്റന്നാളും

തിരുവനന്തപുരം: മാതാ അമൃതാനന്ദമയിയുടെ സാന്നിദ്ധ്യത്തിൽ നാളെയും മറ്റന്നാളും കൈമനം ആശ്രമത്തിൽ നടക്കുന്ന അമൃതോത്സവത്തിന് ഒരുക്കങ്ങൾ പൂർത്തിയായി. അമൃതോത്സവത്തിൽ പങ്കെടുക്കാൻ ഇന്ന് വൈകിട്ട് ആറോടെ മാതാ അമൃതാനന്ദമയി കൈമനം ആശ്രമത്തിലെത്തും. തുടർന്ന് ഭക്തർക്കായി മഹാപ്രസാദവിതരണം നടത്തും. രാവിലെ പത്തര മുതൽ മാതാ അമൃതാനന്ദമയിയുടെ നേതൃത്വത്തിൽ സത്സംഗം, ഭജന, ധ്യാനം, ദർശനം, ബ്രഹ്മസ്ഥാനക്ഷേത്ര പൂജകൾ എന്നിവ നടക്കും. വൈകിട്ട് ഏഴിന് കാളീപൂജ. 14 ന് രാവിലെ സത്സംഗം, വൈകിട്ട് ഏഴിന് മഹാലക്ഷ്മിപൂജ. മുന്നൂറ് ആശ്രമങ്ങളിൽ നിന്ന് ആറായിരത്തോളം വനിതകളെ പങ്കെടുപ്പിക്കാൻ അമൃത സ്വാശ്രയ സംഘം ഭാരവാഹികളുടെ യോഗം തീരുമാനിച്ചു.

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഇംഗ്ലീഷ് കഥാരചനയിൽ എ ഗ്രേഡ് ലഭിച്ച പേയാട് കണ്ണാശ മിഷൻ ഹൈസ്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർത്ഥി ആത്മസാബു

പന്ത്രണ്ടുകാരന്റെ ബോംബ് ഭീഷണി: പൊലീസ് കുഴഞ്ഞു

കഴക്കൂട്ടം: ടെക്നോപാർക്കിന് സമീപത്തെ സ്വകാര്യ ആശുപത്രിയിൽ ബോംബു വച്ചിട്ടുണ്ടെന്ന പന്ത്രണ്ട് വയസുകാരന്റെ വ്യാജ ഫോൺ സന്ദേശം കഴക്കൂട്ടം പൊലീസിനെ മണിക്കൂറുകളോളം ഉത്കണ്ഠയിലാക്കി.

ഇന്നലെ രാത്രി എട്ടുമണിയോടെ പിങ്ക് പെട്രോളിംഗ് പൊലീസിനാണ് അജ്ഞാത ഫോൺ സന്ദേശം ലഭിച്ചത്. ആശുപത്രിയുടെ രണ്ടു മുറികളിലായി ശക്തിയേറിയ രണ്ടു ബോംബുകൾ വെച്ചിട്ടുണ്ടെന്നും ഇത് രണ്ട് മണിക്കൂറിനുള്ളിൽ പൊട്ടുമെന്നുമാണ് അറിയിച്ചത്.

ഇതിനെ തുടർന്ന് പൊലീസും ബോംബു സ്ക്വാഡും ആശുപത്രിയിൽ പാഞ്ഞെത്തി ആശുപത്രിയിൽ മണിക്കൂറോളം പരതിയെങ്കിലും ബോംബ് കണ്ടെത്താനായില്ല.

തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് കഴക്കൂട്ടം സ്വദേശിയായ 12 വയസുകാരന്റെ വികൃതിയാണ് ഇതെന്ന് മനസിലായത്. വീട്ടുകാരുടെ ഫോൺ കൈയടക്കിയാണ് കുട്ടി വികൃതി കാട്ടിയത്. കേസെടുക്കാതിരുന്ന പൊലീസ് നടപടി ശാസനയിലൊതുക്കി.

വൈഫൈ വലയത്തിൽ മ്യൂസിയം

തിരുവനന്തപുരം : മ്യൂസിയത്തിന് 700 മീറ്റർ ചുറ്റളവിൽ രാവിലെ ഒമ്പതുമുതൽ രാത്രി ഒമ്പതുവരെ ഇനി എത്ര വേണമെങ്കിലും ഇന്റർനെറ്റ് ഉപയോഗിക്കാം. എം.പി ഫണ്ടിൽ നിന്ന് 9.49 ലക്ഷം രൂപ ചെലവിട്ട് സജ്ജമാക്കിയ വൈഫൈ സ്പോട്ടുകൾ ശശി തരൂർ എം.പി സ്വിച്ച്ഓൺ ചെയ്തു.

ഇത് ആദ്യമായാണ് എം.പി ഫണ്ട് ചെലവഴിച്ച് നഗരത്തിൽ വൈഫൈ സംവിധാനം ഒരുക്കുന്നത്. മൂന്നുവർഷത്തേക്ക് സൗജന്യമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിലാണ് മുന്നിടത്തും വൈഫൈ സ്പോട്ടുകൾ സ്ഥാപിക്കുക.

മ്യൂസിയത്ത് നടന്ന ചടങ്ങിൽ റെയിൽ നെറ്റ് സി.എം.ഡി ആഷാദ് വസന്ത്, ബ്ലോക്ക് പ്രസിഡന്റ് നാരായണ പിള്ള, കൗൺസിലർ പാളയം രാജൻ, റെയിൽടെൽ ഡയറക്ടർ മാർട്ടിൻ, എം.ഡി വർഗീസ്, മ്യൂസിയം ഡയറക്ടർ കെ. ഗംഗാധരൻ എന്നിവർ സംബന്ധിച്ചു.

മ്യൂസിയം വളപ്പിൽ സജ്ജമാക്കിയ വൈഫൈ സംവിധാനം ശശി തരൂർ എം.പി ഉദ്ഘാടനം ചെയ്യുന്നു. കൗൺസിലർ പാളയം രാജൻ സമീപം

സാസ കെട്ടിട ശിലാസ്ഥാപന യോഗത്തിൽ കേന്ദ്രമന്ത്രി സദാനന്ദ ഗൗഡ സംസാരിക്കുന്നു

അമ്മത്തൊട്ടിലിലെ പാർക്കിന് ശാപമോക്ഷം

തിരുവനന്തപുരം: ശിശുക്ഷേമ സമിതിയുടെ കീഴിലുള്ള അമ്മത്തൊട്ടിലിന് മുന്നിൽ കുട്ടികൾക്ക് കളിക്കാനുള്ള പാർക്ക് മോടിപിടിപ്പിച്ച കുട്ടികൾക്ക് സമ്മാനിച്ചു. നാശോന്മുഖമായ നിലയിലായിരുന്ന പാർക്ക് ലയൺസ് ക്ലബിന്റെ ആഭിമുഖ്യത്തിലാണ് ലക്ഷങ്ങൾ ചെലവഴിച്ച് നന്നാക്കിയത്.

പാർക്കിന് ചുറ്റും മതിലുകെട്ടിയും ചെടികളും കളിക്കോപ്പുകളും നന്നാക്കിയും പെയിന്റ് ചെയ്തും മനോഹരമാക്കി. പാർക്ക് അലങ്കരിച്ച് കുട്ടികൾക്ക് മധുരവും നൽകിയാണ് ലയൺസ് ഭാരവാഹികൾ പാർക്ക് കുട്ടികൾക്ക്കൈമാറിയത്. ഇന്നലെ രാവിലെ നടന്ന ചടങ്ങിൽ ശിശുക്ഷേമസമിതി സെക്രട്ടറി എസ്. പി. ദീപക് അദ്ധ്യക്ഷത വഹിച്ചു. ലയൺസ് ഡിസ്ട്രിക്ട് ഗവർണർ കെ. സുരേഷ്ഉദ്ഘാടനം ചെയ്യുന്നു വർണർ സുരേഷ്, പ്രസിഡന്റ്സേതുമാധവൻ, ഭാരവാഹികളായ സുരേഷ്, ബിനുലാൽ, പ്രദീപ്, രാജേഷ്, അജു തുടങ്ങിയവർപങ്കെടുത്തു.

പൂജപ്പുര ലയൺസ് ക്ലബിന്റെ സഹായത്താൽ ശിശുക്ഷേമ സമിതിയിൽ കുട്ടികൾക്കായി ഒരുക്കിയ പാർക്ക്ലയൺസ് ക്ലബ്ഡിസ്ട്രിക്ട്ഗവർണർ കെ. സുരേഷ്ഉദ്ഘാടനം ചെയ്യുന്നു

പ്രവാസ ജീവിതത്തിന്റെ നേർക്കാഴ്ചയുമായി മെഗാഷോ

തിരുവനന്തപുരം: ലോക കേരള സഭയുടെ സമാപന ദിവസമായ നാളെ മലയാളിയുടെ പ്രവാസ ജീവിതത്തെ ദീപ്പമാക്കുന്ന മൾട്ടിമീഡിയ മെഗാഷോ നിശാഗന്ധിയിൽ അരങ്ങേറും. മഹാത്മ ഗാന്ധി, ചാർളി ചാപ്ലിൻ, എസ്. കെ. പൊറ്റെക്കാട് തുടങ്ങിയവരുടെ പ്രവാസജീവിതത്തിലെ അനുഭവങ്ങൾ കോർത്തിണക്കിയാണ് ദൃശ്യാവിഷ്കാരം. ബെന്യാമിന്റെ ആടുജീവിതത്തിലെ വികാരതീവ്രമായ രംഗങ്ങൾ, വിദേശത്ത് തൊഴിലെടുക്കുന്നനഴ്സുമാരുടെജീവിതം കോറിയിട്ട എസ്. എൽ പുരത്തിന്റെ നാടകമായ കല്ലുകൊണ്ടൊരു പെണ്ണ്, പ്രവാസത്തിന്റെ വിരഹവും വേദനയും തൊട്ടറിയിക്കുന്ന ചലച്ചിത്ര ഗാനങ്ങൾ, കത്ത് പാട്ടുകൾ തുടങ്ങിയവയെല്ലാം ചേർന്ന ബൃഹത് രംഗാവതരണമായിരിക്കും 'പ്രവാസ മലയാള'മെഗാഷോ. മലയാളിയുടെആദിമ പ്രവാസത്തിൽ നിന്നാരംഭിച്ച് വർത്തമാനകാലത്തെ ദേശസഞ്ചാരങ്ങളിൽ എത്തിനിൽക്കുന്ന ദൃശ്യങ്ങളും വിവരണവും മൾട്ടിമീഡിയ പ്രൊജക്ടറിലൂടെ കാണികളിലേക്കെത്തും.

സംവിധായകനും ഭാരത് ഭവൻ മെമ്പർ സെക്രട്ടറിയുമായ പ്രമോദ് പയ്യന്നൂരാണ് പ്രവാസ മലയാളമെന്ന മൾട്ടിമീഡിയ മെഗാഷോയുടെ ദൃശകല്പനയും സാക്ഷാത്കാരവും നിർവഹിച്ചിരിക്കുന്നത്.

അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

ചാക്ക ശാഖ

തിരുവനന്തപുരം: എസ്.എൻ.ഡി.പി യോഗം ചാക്ക ശാഖയുടെ വനിതാ സംഘം വാർഷിക പൊതുയോഗം ശാഖാ പ്രസിഡന്റ് കെ. അജയകുമാറിന്റെ നേതൃത്വത്തിൽ നടന്നു. വനിതാ സംഘം യൂണിയൻ പ്രസിഡന്റ് രത്നമ്മ ജയമോഹൻ ഉദ്ഘാടനം ചെയ്തു. ശാഖാ സെക്രട്ടറി കെ. സനൽകുമാർ,എ. പ്രഭാകരൻ, പി.എസ്. പ്രേമചന്ദ്രൻ, വനിതാസംഘം യൂണിയൻ സെക്രട്ടറി ബീന ജയൻ എന്നിവർ സംസാരിച്ചു.ഭാരവാഹികളായിസതിരാജ്(പ്രസിഡന്റ്), ആർ. കുമുദിനി(വൈസ്പ്രസിഡന്റ്), ഉഷാകുമാരി. എസ്(സെക്രട്ടറി). നിർമ്മല(യൂണിയൻ പ്രതിനിധി), രമ. വി, അഞ്ജന. എസ്, സ്മിത. എസ്, ഷീല. വി, ഗിരിജ, ചിഞ്ചു, ലീലസുധാകരൻ(കമ്മിറ്റിഅംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു.

തെന്നൂർ ശ്രീകണ്ഠൻ ശാസ്താക്ഷേത്രം

നേമം: ശാന്തിവിള തെന്നൂർ ശ്രീകണ്ഠൻ ശാസ്താ ക്ഷേത്രത്തിലെ മകരവിളക്ക് മഹോത്സവം ജനുവരി 15 മുതൽ 17 വരെ നടക്കും. ക്ഷേത്ര നവീകരണത്തിന്റെ ഭാഗമായി നിർമ്മിച്ച നാലമ്പലത്തിന്റെ സമർപ്പണം 15 ന് വൈകിട്ട് 5 ന് നടൻ സുരേഷ് ഗോപി നിർവഹിക്കും. 7 ന് ഡാൻസ്, 9 ന് വിൽപ്പാട്ട്, വൈകിട്ട് 7 ന് സംഗീതകച്ചേരി, 8 ന് ഡാൻസ്, 9.30 ന് ഭക്തിഗാനസന്ധ്യ, 17 ന് വൈകിട്ട് 4.30 ന് ആനപ്പുറത്ത് എഴുന്നള്ളിപ്പ്.

മധുവനം സായി വിദ്യാശ്രമം സ്കൂൾ വാർഷികം

തിരുവനന്തപുരം: പുളിയറക്കോണം മധുവനം സായി വിദ്യാശ്രമം സ്കൂൾ വാർഷികാഘോഷം 25ന് വൈകിട്ട് 4 ന് ഡോ. എ. സമ്പത്ത് എം.പി ഉദ്ഘാടനം ചെയ്യും. മധുവനം വിദ്യാശ്രമം സ്ഥാപനങ്ങളുടെ ഡയറക്ടർ ജി.എസ്. കൃഷ്ണൻ കർത്തയുടെ അദ്ധ്യക്ഷതയിൽ ഡോ.ജോർജ് ഓണക്കൂർ മുഖ്യാതിഥിയായിരിക്കും. പ്രസിഡന്റ് ജി. ജയകുമാർ, പ്രിൻസിപ്പൽ കെ.ജി. ദീപ, പ്രസന്ന എസ്. നായർ എന്നിവർ പങ്കെടുക്കും. മധുവനത്തിൽ നടന്ന ഹേമന്തശിബിരം കവിയും കേരളകൗമുദി സ്പെഷ്യൽ പ്രോജക്ട്സ് എഡിറ്ററുമായ മണ്ഡു വെള്ളായണി ഉദ്ഘാടനം ചെയ്തു. ജി.എസ്. കൃഷ്ണൻ കർത്ത, എം.ആർ. സുരേഷ്രാജ്എന്നിവർ സംസാരിച്ചു.

ആറ്റുകാൽ ക്ഷേത്രം: പൂജാ സമയങ്ങളിൽ മാറ്റം

തിരുവനന്തപുരം: ചന്ദ്രഗ്രഹണമായതിനാൽ 31 ന് ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിലെ പൂജാ സമയങ്ങളിൽ മാറ്റം വരുത്തി. നടതുറപ്പ് വൈകിട്ട് 4.30ന്, ഐശ്വര്യപൂജ 4.30ന്, സന്ധ്യാ ദീപാരാധന 6.15ന്, ദീപാരാധനയ്ക്ക് ശേഷം നട അടയ്ക്കും. പുണ്യാഹം രാത്രി 8.40ന്, പിന്നീട് നട തുറക്കുന്നത് രാത്രി 9നായിരിക്കുമെന്നും ക്ഷേത്ര ട്രസ്റ്റ് അറിയിച്ചു.

ചാല കൊത്തുവാൻ തെരുവിൽ ശ്രീമഹാശാസ്താ ക്ഷേത്രം

തിരുവനന്തപുരം: ചാല കൊത്തുവാൻ തെരുവിലെ ശ്രീമഹാശാസ്താ ക്ഷേത്രത്തിൽ നാളെ രാവിലെ 8.30ന് ശനീശ്വര ഹോമവും ഞായറാഴ്ച വൈകിട്ട് 6.30ന് ആഴിപൂജയും നടത്തും.

ദുരിതാശ്വാസ ഫണ്ട് വകമാറ്റി ചെലവഴിക്കരുത്

തിരുവനന്തപുരം: കേന്ദ്ര സംഘത്തിന്റെ യാത്രയ്ക്കും കേരളത്തിലെമന്ത്രിമാരുടെ യാത്രയ്ക്കും ഓഖി ദുരിതാശ്വാസനിധിയിൽ നിന്നും തുക വകമാറ്റുന്നത് ന്യായീകരിക്കാനാവില്ലെന്ന് നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറം ജനറൽ സെക്രട്ടറി ടി. പീറ്റർ, കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ ജനറൽ സെക്രട്ടറി ജാക്സൺ പൊള്ളയിൽ എന്നിവർ ആവശ്യപ്പെട്ടു.

പൊലീസ് സ്റ്റേഷനുകൾ ശൗചാലയങ്ങളാക്കരുത്: ഡി.സി.സി

തിരുവനന്തപുരം: പൊലീസ് സ്റ്റേഷനുകൾ ശൗചാലയങ്ങളാക്കാൻ ശ്രമിക്കുന്ന സി.പി.എം നേതാക്കളുടെ മക്കൾക്കെതിരെ നിയമനടപടി സ്വീകരിക്കണമെന്ന് ഡി.സി.സി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ പ്രസ്താവനയിൽ ആവശ്യപ്പെട്ടു. മട്ടന്നൂർ പൊലീസ് സ്റ്റേഷനിൽ സി.പി.എം നേതാവ് പി. ജയരാജന്റെ മകൻ നടത്തിയ പെരുമാറ്റം കേരളത്തിൽ കേട്ടുകേഴ്വിയില്ലാത്തതാണ്. സി.പി.എം നേതാക്കളുടെ മക്കൾക്ക് പൊലീസ് സ്റ്റേഷനും ശൗചാലയങ്ങളും ഒരുപോലെയാക്കിയതാണ് പിണറായി സർക്കാരിന്റെ നേട്ടം എന്നും അദ്ദേഹം പറഞ്ഞു.

ധർണ ഇന്ന്

തിരുവനന്തപുരം : വിവിധ ആവശ്യങ്ങളുന്നയിച്ച് അസോസിയേഷൻ ഒഫ് കേരള വാട്ടർ അതോറിട്ടി ഇന്ന് രാവിലെ 11 ന് സെക്രട്ടേറിയറ്റിന് മുന്നിൽ ധർണ നടത്തും. സി.ഐ.ടി.യു സംസ്ഥാന സെക്രട്ടറി വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും.

ഓഖി ബാധിതർക്ക് കൈത്താങ്ങായി നഗരസഭയും

തിരുവനന്തപുരം: ഓഖി ദുരിതബാധിതർക്കായുള്ള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നഗരസഭയിലെ ജീവനക്കാരും തൊഴിലാളികളും നൽകിയ തുക കൈമാറി. സംഭാവനയായ 11,91,722 രൂപയുടെ ചെക്ക് മേയർ വി.കെ. പ്രശാന്ത് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി. ഡെപ്യൂട്ടി മേയർ രാഖി രവികുമാർ, സ്ഥിരം സമിതി അദ്ധ്യക്ഷരായ സഫീറാബീഗം, അഡ്വ. ആർ. സതീഷ്കുമാർ, വഞ്ചിയൂർ ബാബു, എസ്. ഉണ്ണിക്കൃഷ്ണൻ, തൊഴിലാളി പ്രതിനിധികൾ എന്നിവരും മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ പങ്കെടുത്തു.

സാസയുടെ മന്ദിര ശിലാസ്ഥാപനം

നേമം: സ്റ്റേറ്റ് ആക്കാഡമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷന്റെ മന്ദിര ശിലാസ്ഥാപനം കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ വകുപ്പ് മന്ത്രി ഡി.വി. സദാനന്ദ ഗൗഡ നിർവഹിച്ചു. മന്ത്രി ഡോ. തോമസ് ഐസക് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഒ. രാജഗോപാൽ എം.എൽ.എ, മേയർ വി.കെ. പ്രശാന്ത്, ഡോ. ഷർമിള മേരി ജോസഫ്, സാസ അഡ്വൈസറി കമ്മിറ്റി ചെയർമാൻ ഡോ. ഹരിലാൽ, ബി. രാമചന്ദ്രൻ, കൗൺസിലർമാരായ ആശാനാഥ്, എ. വിജയൻ എന്നിവർ പങ്കെടുത്തു.

ബി.എസ്.എൻ.എൽ കുടിശിക തീർപ്പാക്കൽ മേള

തിരുവനന്തപുരം: റവന്യൂ നടപടികളിലേക്ക് നീങ്ങിയ ഫോൺ ബിൽ കുടിശിക ഒറ്റത്തവണ തീർപ്പാക്കൽ അനുസരിച്ച് പരിഹരിക്കുന്നതിനായി ബി.എസ്.എൻ.എല്ലിന്റെ ആഭിമുഖ്യത്തിൽ നെയ്യാറ്റിൻകരയിലെ വിവിധ സ്ഥലങ്ങളിൽ മേള നടത്തും. 15ന് പാറശാല, 16ന് നെയ്യാറ്റിൻകര, 17ന് ബാലരാമപുരം, 18ന് വെള്ളറട തുടങ്ങിയ എക്സ് ചേഞ്ചുകളിൽ രാവിലെ 10 മുതൽ വൈകിട്ട് 4.30 വരെയാണ് മേള. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471 2330700, 2326900, 2321300, 2321900.

കൂടുതൽ പ്രാദേശിക വാർത്തകൾ 3, 9, 12